(iii) സാമൂഹിക ബാധ്യതയോ വൈയക്തിക ബാധ്യതയോ?

ഇസ്‌ലാമിക പ്രബോധനം വൈയക്തിക ബാധ്യതയോ സാമൂഹിക ബാധ്യതയോ എന്നത് പണ്ഡിതന്മാർക്കിടയിൽ പണ്ട് മുതല്ക്കേ അഭിപ്രായ വ്യത്യാസമുള്ള ഒരു വിഷയമാണ്.

''പുണ്യത്തിലേക്ക് ക്ഷണിക്കുകയും ധർമം അനുശാസിക്കുകയും തിന്മ തടയുകയും ചെയ്യുന്ന ഒരു സമൂഹം നിങ്ങളിൽനിന്ന് ഉണ്ടായിത്തീരട്ടെ, ഈ ദൗത്യം നിർവഹിക്കുന്നവരാരോ അവരാകുന്നു മോക്ഷം പ്രാപിക്കുന്നവർ''(3: 104) എന്ന ഖുർആൻ സൂക്തമാണ് പ്രബോധനം സാമൂഹിക ബാധ്യതയാണെന്ന അഭിപ്രായക്കാരുടെ തെളിവ്. 'നിങ്ങളിൽനിന്ന്' എന്ന് പറഞ്ഞതിനാൽ പ്രബോധന ബാധ്യത എല്ലാവർക്കുമില്ല എന്ന് അവർ മനസ്സിലാക്കുന്നു. ബൈദ്വാവി, സമഖ്ശരി, ഇബ്നുൽഅറബി തുടങ്ങിയ പണ്ഡിതന്മാർ ഈ അഭിപ്രായക്കാരാണ്. പ്രബോധന ദൗത്യം നിർവഹിക്കണമെങ്കിൽ പാണ്ഡിത്യവും ഉൾക്കാഴ്ചയും അനിവാര്യമാണ്. അതാകട്ടെ എല്ലാവർക്കുമുണ്ടാവില്ല. അതുകൊണ്ട് പാണ്ഡിത്യം, ഉൾക്കാഴ്ച തുടങ്ങിയ ഉപാധികൾ പൂർത്തീകരിച്ചവർക്കേ പ്രബോധന ബാധ്യതയുള്ളൂ എന്നും അവർ അഭിപ്രായപ്പെടുന്നു.

പ്രബോധനം വൈയക്തിക ബാധ്യതയാണെന്ന് പറയുന്നവരുടെ തെളിവ് ഇതത്രെ. ''നിങ്ങൾ ജനങ്ങൾക്കുവേണ്ടി ഉയർത്തപ്പെട്ട ഉത്തമ സമൂഹമാകുന്നു. നിങ്ങൾ നന്മ കല്പിക്കുകയും തിന്മ വിരോധിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു''(3: 110). ഇതിലെ 'നിങ്ങൾ' എന്ന വാക്ക് മുസ്‌ലിംകളിൽനിന്നുള്ള ഒരു വിഭാഗത്തെയല്ല മറിച്ച്, മുസ്‌ലിം സമുദായത്തെ മൊത്തമായിട്ടാണ് പറഞ്ഞിട്ടുള്ളത് എന്ന് അവർ ചൂണ്ടിക്കാട്ടുന്നു. ''കാലമാണ് സത്യം, മനുഷ്യൻ മഹാ നഷ്ടത്തിലാണ്. സത്യവിശ്വാസം കൈക്കൊള്ളുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും പരസ്പരം സത്യമുദ്ബോധിപ്പിക്കുകയും ക്ഷമയുപദേശിക്കുകയും ചെയ്ത ജനങ്ങളൊഴിച്ച്''(അൽഅസ്വ്ർ 1-3) എന്നീ സൂക്തങ്ങളും പ്രബോധനം ഓരോ വ്യക്തിയുടെയും ബാധ്യതയാണെന്നാണ് സൂചിപ്പിക്കുന്നത്.

മതത്തിൽ അവഗാഹമുള്ളവർക്കേ ഇസ്‌ലാമിക പ്രബോധനം സാധ്യമാകൂ എന്ന വാദത്തെയും ഇവർ ഖണ്ഡിക്കുന്നു. മതം അനുഷ്ഠിക്കണമെങ്കിൽ തന്നെ അത്യാവശ്യം വിവരം വേണമല്ലോ. അനുവദനീയങ്ങളേത്, നിഷിദ്ധങ്ങളേത് എന്നൊക്കെയുള്ള സാമാന്യ ധാരണ എല്ലാ മുസ്‌ലിംകൾക്കുമുണ്ട്. തനിക്കറിയാവുന്ന അത്തരം കാര്യങ്ങൾ മറ്റൊരാളെ എന്തുകൊണ്ട് ഉപദേശിച്ചുകൂടാ? ശഹീദ് അബ്ദുൽ ഖാദിർ ഔദഃ എഴുതുന്നു: ''നന്മ കല്പിക്കുകയും തിന്മ വിരോധിക്കുകയും വിവരമില്ലാത്തവരെ ഏല്പിക്കുന്നത് കുഴപ്പങ്ങൾക്കിടയാക്കുമെന്ന് പറയുന്നത് ശരിയല്ല. കൂടുതൽ വിവരമില്ലാത്തവർ, നമസ്കാരം നിർബന്ധമാണ്, കളവും വ്യഭിചാരവും നിഷിദ്ധമാണ് തുടങ്ങിയ, തനിക്കറിയാവുന്ന കാര്യങ്ങളേ സ്വാഭാവികമായും മറ്റുള്ളവരെ ഉപദേശിക്കുകയുള്ളൂ.'' (*അത്തശ്രീഉൽ ജിനാഇ 1/495*).

യഥാർഥത്തിൽ ഈ അഭിപ്രായാന്തരങ്ങൾ പ്രബോധന ദൗത്യത്തെ പ്രതികൂലമായി ബാധിക്കുന്നില്ല. പ്രബോധനം സാമൂഹിക ബാധ്യതയാണെന്ന് സമ്മതിച്ചാൽ പോലും അതിൽനിന്ന് ഒഴിഞ്ഞുനില്ക്കാൻ ഒരു മുസ്‌ലിമിനും സാധിക്കുകയില്ല. എന്തുകൊണ്ടെന്നാൽ ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായ പ്രകാരം ഫർദ്വ് കിഫായഃ(പൊതുബാധ്യത)യുടെ നിർവചനം ഇപ്രകാരമാണ്: ''എല്ലാവർക്കും നിർബന്ധമായിട്ടുള്ള, എന്നാൽ ചിലർ നിർവഹിച്ചാൽ മറ്റുള്ളവർ കുറ്റ വിമുക്തരാവുകയും ആരും നിർവഹിച്ചില്ലെങ്കിൽ എല്ലാവരും കുറ്റവാളികളായിത്തീരുകയും ചെയ്യുന്ന ബാധ്യത''- പ്രബോധനം സാമൂഹിക ബാധ്യതയാണെന്ന് അഭിപ്രായപ്പെടുന്നത് ഈ അർഥത്തിലാണ്. മുസ്‌ലിം സമൂഹത്തിന് ഒരു ഇസ്‌ലാമിക ഭരണകൂടമോ നേതൃത്വമോ ഉണ്ടെങ്കിൽ പ്രബോധനം അവരുടെ ഉത്തരവാദിത്വമായിരിക്കും. തദാവശ്യാർഥം നേതൃത്വം എടുക്കുന്ന നടപടികളോട് സഹകരിക്കാൻ മറ്റുള്ളവർ ബാധ്യസ്ഥരുമാണ്. ഈയവസ്ഥയിൽ പ്രബോധനം ഫർദ്വ് കിഫായഃ(സാമൂഹിക ബാധ്യത)യാകുന്നു. എന്നാൽ ഇസ്‌ലാമിക ഗവൺമെന്റോ നേതൃത്വമോ ഇല്ലാത്ത പരിതഃസ്ഥിതികളിൽ അത് ഓരോ മുസ്‌ലിമിന്റെയും കർത്തവ്യമായിത്തീരുന്നു.